പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3782 — 26-06-2012-ൽ മറുപടിയ്ക്ക്

## നീന്തൽക്കുള നിർമ്മാണത്തിന് സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.കെ.ശശീന്ദ്രൻ** | **ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നിന്തൽക്കുള നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; | (എ) ഒരു പഞ്ചായത്തിൽ **"ഒരു കളിസ്ഥലം/ നീന്തൽക്കുളം"** നവീകരണ പദ്ധതി പ്രകാരം നിലവിലുള്ള കുളം നവീകരിച്ച് നീന്തൽകുളം ആക്കുന്നതിന് 2 ലക്ഷം രൂപ വരെ അനുവദിയ്ക്കുന്ന ഒരു പദ്ധതി നിലവിലുണ്ടായിരുന്നു. മുൻ വർഷങ്ങളിൽ ഫണ്ട് അനുവദിച്ച സ്ഥാപനങ്ങളിലധികവും ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഇപ്പോൾ നിർത്തി വച്ചിരിയ്ക്കുകയാണ്, |
| (ബി) കോഴിക്കോട് ജില്ലയിലെ ഏലത്തൂരിലും കുരുവട്ടൂർ, കാക്കൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിലും നീന്തൽക്കുള നിർമ്മാണത്തിന് സാമ്പത്തിക സഹായമാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;<br>(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ? | (ബി) & (സി) എലത്തൂർ, കാക്കൂർ എന്നീ പഞ്ചായത്തുകളിൽ നീന്തൽക്കുള നിർമ്മാണത്തിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. കുരുവട്ടൂർ, നന്മണ്ട പഞ്ചായത്തുകളുടെ അപേക്ഷ ലഭിച്ചിട്ടില്ല. ലഭിച്ചിട്ടുള്ള അപേക്ഷകൾ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുള്ളതല്ല. കൂടാതെ, ഫണ്ട് അനുവദിച്ച സ്ഥാപനങ്ങളിലെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനെ തുടർന്ന് പ്രസ്തുത പദ്ധതി ഇപ്പോൾ നിർത്തി വെച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ